1.	കണ്ണൂർ പവർ പ്രോജക്ട്	513 മെ.വാ.
2.	ബി.എസ്.ഇ.എസ്. കൊച്ചി	107 "
3.	ഇ.സി.എൽ (ഡി.സി.പവർ) കാസർകോട്	107 "

(എഫ് & ജി) ബി.എസ്.ഇ.എസ്. കൊച്ചി നിലയത്തിന്റെ പണി പൂർത്തിയായി കഴിഞ്ഞു. ഡി.സി.പവർ ലിമിറ്റഡിന്റെ നിലയത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ പവർ പ്രോജക്ട് നിലയത്തിന്റെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(എച്ച്) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും വൈദ്യുതി നിരക്ക് സംബന്ധിച്ച വിവരം വൈദ്യുതി ബോർഡിൽ ലഭ്യമല്ല. എന്നാൽ വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാ, കർണ്ണാടക, തമിഴ്നാട് ഇവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കുറഞ്ഞ വൈദ്യുതി നിരക്ക് കേരളത്തിലാണ്.

ഗ്രാമീണ ജലവിതരണ അതോറിറ്റി

20(*49) ശ്രീ. എം. എ. തോമസ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗ്രാമീണ ജലവിതരണ അതോറിറ്റി (ആർ. ഡബ്ല്യു.എ) യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ നിയന്ത്രണത്തിൽ പൊതുജനങ്ങൾ ജലവിതരണവും നടത്തിപ്പും നേരിട്ട് നടത്തുന്ന പദ്ധതി ഏതെങ്കിലും ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) അതോറിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരമാണ് സ്വരൂപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) അതോറിറ്റിയുടെ കീഴിലെ ജലവിതരണ പദ്ധതികളുടെ നടത്തിപ്പിൽ വനിതകളുടെ പങ്ക് എന്തെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ-സി) തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ലോകബാങ്ക് സഹായത്തോടെ ശുദ്ധ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പൊതുജനങ്ങൾ തന്നെ പദ്ധതി നടത്തിപ്പും ജലവിതരണവും നേരിട്ട് നടത്താനുള്ള പദ്ധതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൻപ്രകാരം മുകളിൽപ്പറഞ്ഞ ജില്ലകളിലെ 5 പഞ്ചായത്തുകളിൽ പൈലറ്റു പ്രോജക്റ്റായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൈലറ്റു പഞ്ചായത്തുകളിൽ ആസൂത്രണ പ്രവർത്തനങ്ങൾക്കുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള ഘട്ടത്തിലാണ്. ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമായി തുടരുന്നു. (പ്രോജക്റ്റ് പൈലറ്റുകൾ മുണ്ടത്തിക്കോട്, എരിമയൂർ, നെടിയിരിപ്പ്, പൂക്കോട്ടൂർ, കുന്നുമ്മൽ എന്നീ പഞ്ചായത്തുകളിൽ).

(ഡി) ആകെ 89 മില്യൻ ഡോളർ (ഉദ്ദേശം 400 കോടി രൂപ) ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 65 മില്യൻ ഡോളർ (ഏകദേശം 300 കോടി രൂപ) ലോകബാങ്ക് വായ്പയായി ലഭിക്കുന്നതാണ്. ബാക്കി തുക സർക്കാരിന്റേയും പഞ്ചായത്തുകളുടേയും ഗുണഭോക്താക്കളുടേയും വിഹിതമായി സ്വരൂപിക്കേണ്ടതാണ്. ലോകബാങ്ക് സഹായമായി തുകയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഇതുവരെ 2.5 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) വനിതകൾക്ക് പുരുഷന്മാരോടൊപ്പം തുല്യപങ്കാളിത്തമുള്ള ഗുണഭോക്തൃ സമിതികളാണ് പദ്ധതി നടത്തുന്നത്. കൂടാതെ വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് വനിതകൾക്കു മാത്രമായി വൈദഗ്ദ്ധപോഷണത്തിനും, സ്വയംതൊഴിൽ പ്രവർത്തനങ്ങൾക്കും പദ്ധതിപ്രകാരം അവസരം ലഭ്യമാണ്.

വൈദ്യുതി നിരക്ക്

21(*50) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ വൈദ്യുതി നിരക്ക് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ലക്ഷ്യം നേടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം രൂപം നൽകി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly